**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2126** | **21-06-2024 - ൽ മറുപടിയ്ക്ക്**

**കയ്പമംഗലം , മതിലകം പോലീസ് സ്റ്റേഷനുകളിലെ അപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കയ്പമംഗലം പോലീസ് സ്റ്റേഷന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പുതിയ സ്ഥലം കണ്ടെത്തുന്നതിന്റെയും പുതിയ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന്റെയും പുരോഗതി അറിയിക്കാമോ; | (എ) | **നിലവിൽ കയ്പമംഗലം പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നത് മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ്. പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം പണിയുന്നതിലേക്കായി വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള, കയ്പമംഗലം വില്ലേജ് സർവ്വെ നമ്പർ 257/04 ഉൾപ്പെട്ട ഉപയോഗശൂന്യമായി കിടക്കുന്ന 18 സെന്റ് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തൃശ്ശൂർ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരുന്നതും ആയത് സംബന്ധിച്ച് ജില്ലാ കളക്ടർ കൊടുങ്ങല്ലൂർ തഹസിൽദാരോട് (ഭൂരേഖ) റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്.** |
| (ബി) | കയ്പമംഗലം, മതിലകം പോലീസ് സ്റ്റേഷനുകളിൽ മതിയായ പോലീസുകാരുടെ അപര്യാപ്തത നിലവിലുള്ളതിനാൽ ആയതു പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിച്ചു വരുന്നതെന്ന് അറിയിക്കാമോ? | (ബി) | കയ്പമംഗലം പോലീസ് സ്റ്റേഷനിലേക്ക് കൂടുതൽ പോലീസുകാരെ താൽക്കാലികമായി Attach അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. മതിലകം പോലീസ് സ്റ്റേഷനിൽ നിലവിലെ ഒഴിവുകൾ എല്ലാം നികത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ